# പതിമൂന്നാം കേരള നിയമസഭ
# ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2350** — **18.12.2012 - ൽ മറുപടിയ്ക്ക്**

## ചാലക്കുടിയിൽ മൾട്ടി പർപ്പസ് ഷോപ്പിംഗ് കോംപ്ലക്സ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബി.ഡി.ദേവസ്സി | | ശ്രീ. കെ.എം.മാണി (ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) | |
| (എ) | ചാലക്കുടിയിൽ ഹൌസിംഗ് ബോർഡിന്റെ വ്യാപാര പ്രാധാന്യമുള്ള സ്ഥലത്ത് മൾട്ടി പർപ്പസ് ഷോപ്പിംഗ് കോംപ്ലക്സ് ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | ചാലക്കുടിയിൽ ഹൌസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള വാണിജ്യ പ്രാധാന്യമുള്ള സ്ഥലത്ത് ഒരു വാണിജ്യ പദ്ധതി, സംയുക്ത സംരംഭ മാതൃകയിൽ നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതിനായി ബോർഡുമായി ചേർന്ന് പദ്ധതി നടപ്പിലാക്കാൻ തയ്യാറുള്ളതും, ബോർഡിന് ലാഭകരമായ ഓഫർ സമർപ്പിക്കുന്നതുമായ സംയുക്ത സംരംഭ പങ്കാളിയെ National Competitive Bidding മുഖേന കണ്ടെത്തേണ്ടതുണ്ട്. ബോർഡ് സംയുക്ത സംരംഭ പദ്ധതികൾ നടപ്പിലാക്കുന്നതിനായി പങ്കാളിയെ കണ്ടെത്തുന്നതിനായി ദർഘാസുകൾ ക്ഷണിക്കുമ്പോൾ ഈ പദ്ധതിയും ഉൾപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. |
| (ബി) | 26 വർഷങ്ങൾക്ക് മുമ്പ് ചാലക്കുടിയിൽ ആരംഭിച്ച കേരള സ്റ്റേറ്റ് ഹൌസിംഗ് ബോർഡിന്റെ ഹൌസിംഗ് അക്കോമഡേഷൻ സ്കീമിൽ വീടും സ്ഥലവും വാങ്ങിയവർക്ക് ഇനിയും തീറാധാരം നൽകാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇവർക്ക് ആധാരം നൽകുന്നതിന് നടപടി സ്വീകരി ച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ? | (ബി) | ഉണ്ട്. ചാലക്കുടി ഹൌസിംഗ് സ്കീമിന്റെ അന്തിമ വില നിർണ്ണയിച്ചിട്ടില്ല. എന്നിരുന്നാലും 30% അധിക വില അടച്ച 124 പേരിൽ 84 പേർക്ക് വിലയാധാരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ